മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *451 ഉം *453 ഉം ക്ലബ്ബ് ചെയ്ത് എടുക്കുന്നതാണ്.

## ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ പ്രധാന വ്യസ്ഥകൾ

*451 ശ്രീ .ഒ.ആർ. കേളു :

ശ്രീ. റ്റി.വി. രാജേഷ് :

ശ്രീ. കെ. ബാബു :

ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ നിയമം നടപ്പിലാക്കാൻ മുൻ സർക്കാർ യഥാസമയം നടപടി സ്വീകരിച്ചിരുന്നോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സംവിധാനത്തെ ഈ നിയമം നടപ്പിലാക്കുന്നത് ഏതു തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ,

(എ) 5-7-2013 മുതൽ പ്രാബല്യം നൽകികൊണ്ട് 10-7-2013 ലെ 29-ാം

നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013 -ലെ സ.ഉ. (കൈ) നം.53/2013/ഭ.സി.സ.വ പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിരുന്നില്ല.

i. അർഹരായ മുൻഗണനന/മുൻഗണനേതര കുടുംബങ്ങളെ കണ്ടെത്തൽ. (identification of priority house holds),

ii. വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery)

iii. റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation

iv. പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം മുകളിൽ വിഭാവനം ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

(ബി) മുൻസർക്കാരിന്റെ കാലയളവിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് താലൂക്ക്തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. എന്നാൽ ആ രീതി പിന്തുടരുമ്പോൾ അർഹരായ പലരും പിന്തള്ളപെടുമെന്നതിനാൽ

സംസ്ഥാനതല റാങ്കിംഗ് നടത്താൻ തീരുമാനിക്കുകയും അപ്രകാരം തയ്യാറാക്കിയ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി)ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ എ.എ.വൈ. ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിലും മുൻഗണനാ വിഭാഗക്കാർക്ക് ആളൊന്നിന് അഞ്ചുകിലോ വീതം ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന നിരക്കിലും ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാകും. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള ഭക്ഷ്യ ധാന്യവിതരണം സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ആലോചിച്ചു വരുന്നു.

## റേഷൻ കാർഡുകളിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം

*453 ശ്രീ . എസ്. ശർമ്മ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എം. മുകേഷ് :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകളിൽ മുൻഗണനാ വിഭാഗങ്ങളെ

കണ്ടെത്തുന്നതിനായി സ്വീകരിച്ച മാനദണ്ഡമെന്തെന്നും ഇതു മുൻസർക്കാർ സ്വീകരിച്ച മാനദണ്ഡത്തിൽ നിന്ന് വ്യത്യസ്തമായി ഏതുവിധത്തിൽ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് പ്രയോജനപ്രദമാണെന്നും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ,

(എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്രവാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തികവരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്ക്തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ അർഹതപ്പെട്ടവർ മുഴുവൻ യോഗ്യതയുടെ മുൻഗണനാ ക്രമത്തിൽ പട്ടികയിൽ ഉൾപ്പെടുവാനാണ് ഇപ്രകാരം തീരുമാനിച്ചത്.

ശ്രീ. ഒ. ആർ. കേളു : സർ, എ.പി.എൽ/ബിപി.എൽ. സംബന്ധിച്ചുള്ള ലിസ്റ്റ്

റേഷൻ കട പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതു സംബന്ധിച്ച് നാട്ടിൽ പല തരത്തിലുള്ള അഭിപ്രായങ്ങളും നിലനിൽക്കുന്നുണ്ട്. അർഹതയില്ലാത്തവർ കടന്നുകൂടുകയും അർഹതയുള്ളവർ പുറന്തള്ളപ്പെടുകയും ചെയ്തിട്ടുണ്ട് എന്നാണ് ജനങ്ങളിൽ നിന്നും മനസ്സിലാക്കാൻവേണ്ടി കഴിയുന്നത്. എനിക്ക് ചോദിക്കാനുള്ളത് മുൻ സർക്കാരിന്റെ കാലത്തെ നാലിലൊന്നോളം വരുന്ന പട്ടിക വിഭാഗക്കാർ റേഷൻകാർഡുകളില്ലാത്ത ഒട്ടനവധി ആൾക്കാർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. റേഷൻ കാർഡ് ഇല്ലാത്ത പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ നിയമം ലഭ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ എന്നുള്ളതാണ് ഒന്നാമതായി ചോദിക്കാനുള്ളത്.

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, അർഹതപ്പെട്ടവരാരും ഒഴിവാക്കാൻ പാടില്ല. അതിന്റെ അടിസ്ഥാനത്തിലുള്ള ക്രമീകരണങ്ങളാണ് എല്ലായിടത്തും നടത്തിയിരിക്കുന്നത്. ഇന്ന് കരട് പട്ടികയിൽ മുൻഗണനാ പട്ടികയിൽ പേരില്ലാത്തവർ അവർക്ക് തീർച്ചയായും പരാതി സമർപ്പിക്കാൻ നവംബർ 30-ാം തീയതി വരെ സമയം അനുവദിച്ചിട്ടുണ്ട്. അത് താലൂക്ക് സപ്ലൈ ഓഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലാണ് അപേക്ഷ കൊടുക്കാൻ. അങ്ങനെ കൊടുക്കുന്ന അപേക്ഷകളിലെ പരാതികളിന്മേൽ പഞ്ചായത്ത്

നിലവാരത്തിലും മുൻസിപ്പൽ നിലവാരത്തിലും കോർപ്പറേഷൻ നിലവാരത്തിലും സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരടങ്ങുന്ന ടീമാണ് അതിന്മേൽ ചോദിച്ച തീരുമാനമെടുക്കേണ്ടത്. അവരതിന് ആവശ്യമായ തീരുമാനമെടുക്കും. അതിന് അർഹപ്പെട്ടവർ എല്ലാവരും പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ പൊതുജനങ്ങളും പൊതുപ്രവർത്തകരും ജനപ്രതിനിധികളും നന്നായി ഇടപെടേണ്ടതുണ്ട് എന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. ഒ.ആർ. കേളു : സർ, കഴിഞ്ഞ ദിവസം ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ പ്രശ്നത്തെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. അവരുടെ തനതായിട്ടുള്ള ആഹാരത്തിന്റെ ലഭ്യത കുറവാണ് അത്തരം മരണങ്ങൾക്ക് കാരണമാകുന്ന എന്നത് അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുടെ ഭാഗമായി ആദിവാസി വിഭാഗങ്ങൾക്ക് തനതായിട്ടുള്ള ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, ആദിവാസി ജനസമൂഹം, പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹം എല്ലാവരുംതന്നെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ടതാണ്. നമുക്ക് ഇതുവരെ നിലവിലുണ്ടായിരുന്നത് എ.എ.വൈ/

ബി.പി.എൽ. കാർഡുടമകൾ എല്ലാവരുംകൂടി ചേരുമ്പോൾ 95 ലക്ഷം പേരാണ്. എന്നാൽ ഇത്തവണ 1,54,80,040 പേർ ഉൾപ്പെടാനുള്ള എല്ലാ സാധ്യതകളുമുണ്ട്. അതുകൊണ്ട് ഇങ്ങനെ പാർശ്വവത്ക്കരിക്കപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളും മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ടതാണ്.

ശ്രീ. റ്റി.വി. രാജേഷ്: സർ, 2013-ലാണ് യു.പി.എ. സർക്കാർ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയത്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് മൂന്നു വർഷകാലം ലഭിച്ചിട്ടും നിശ്ചിത കാലപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമം പാസ്സാക്കാൻ യാതൊരു നടപടിയും അവർ സ്വീകരിച്ചിരുന്നില്ല. ഇതുമൂലം ഇപ്പോൾ കേരളത്തിൽ ഉണ്ടാകുന്ന പ്രശ്നം ഇപ്പോൾ നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിൽ പാവപ്പെട്ട കുടുംബങ്ങൾക്കുതന്നെ വൻതോതിൽ കുറവ് വരാൻവേണ്ടി പോകുകയാണ്. ഭക്ഷ്യകമ്മി സംസ്ഥാനമായ നമ്മുടെ കേരളത്തിൽ അരിവിഹിതത്തിൽ വരുന്ന കുറവുമൂലം വിലക്കയറ്റത്തിന് ഇടയാക്കും. അത് സാധാരണ കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കും. ഇതിനെ നേരിടാൻവേണ്ടി പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനസർക്കാർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, ആകെ നോക്കുമ്പോൾ ടോട്ടൽ അലോട്ട്മെന്റിൽ

കുറവുണ്ടാകും. നമുക്ക് സാധാരണയായി ഓണത്തിനു മുമ്പുവരെയുള്ള മാസങ്ങൾവരെ ഒരുവർഷം 15.91 ലക്ഷം മെട്രിക് ടൺ അലോട്ട്മെന്റ് ഉണ്ടായിരുന്നു. നോർമൽ അലോട്ട്മെന്റിനോടൊപ്പം അഡീഷണൽ അലോട്ടുമെന്റും ഉൾപ്പെടെ. ഇപ്പോൾ എൻ.എഫ്.എസ്.എ. ആക്ട് പ്രകാരം നമുക്ക് തരുമെന്ന് കേന്ദ്രഗവൺമെന്റ് ഉറപ്പു നൽകിയിരിക്കുന്നത് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമാണ്. ആ ഒരു ഷോർട്ടേജുണ്ടാകും.

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : സർ, 2013-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ നിയമം സംസ്ഥാന സർക്കാർ കഴിഞ്ഞ പ്രാവശ്യം നടപ്പാക്കാതിരുന്നതിൽ ആരുടെയെങ്കിലും വ്യക്തമായ ഇടപെടലുണ്ടോ; അതിന്റെ ഭാഗമായി ഭയന്നിട്ടാണോ കഴിഞ്ഞ സംസ്ഥാന സർക്കാർ നടപ്പാക്കാതിരുന്നതെന്നുള്ള എന്തെങ്കിലും ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, 2013 ജൂണിൽ പ്രാബല്യത്തിൽവന്ന എൻ.എഫ്.എസ്.എ. ആക്ട് അതിന്മേൽ ആദ്യം ഒരു സ്റ്റേറ്റ് ഗവൺമെന്റ് തീരുമാനം എടുക്കുന്നത് നമ്മുടെ ഗവൺമെന്റാണെന്നാണ് ഫയലുകൾ നോക്കിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ 2013 മുതൽ 2016 വരെ കഴിഞ്ഞ ഗവൺമെന്റിന് സമയമുണ്ടായിരുന്നിട്ടും സമയബന്ധിതമായി

പൂർത്തിയാക്കിയിരുന്നില്ല. അതിന് മറ്റ് ഇടപെടലുകൾ ഉണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. ഏതായാലും ആ ഗവൺമെന്റ് അവസാന നാളുകളിൽ 2015-ൽ ഫോറങ്ങൾ തയ്യാറാക്കി റേഷൻകടകൾവഴി എല്ലാ കുടുംബങ്ങൾക്കും നൽകി പൂരിപ്പിച്ചു വാങ്ങിച്ചു. അതിന്മേൽ വീണ്ടും കറഷനുവേണ്ടി സമയം കൊടുത്തു. ലഭിച്ച ഫോറങ്ങളിലെ ഡേറ്റകളുടെ അടിസ്ഥാനത്തിൽ താലൂക്ക് തല റാങ്കിംഗ് നിശ്ചയിച്ചു. രണ്ടു സ്ഥലങ്ങളിൽ പ്രസിദ്ധീകരിച്ചു. അതാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങളായി ഞാൻ മനസ്സിലാക്കിയത്.

ശ്രീ. കെ. ബാബു: സർ, യു.പി.എ. സർക്കാർ ആരംഭിച്ച് ബി.ജെ.പി. സർക്കാർ ഇപ്പോൾ ശക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ കേരളത്തിലെ വിപുലവും കാര്യക്ഷമവുമായ പൊതുവിതരണ ശൃംഖലയെയാണ് തകർക്കുന്നത്. പുറംകൊണ്ട് പ്രതിഷേധിക്കുകയും അകംകൊണ്ട് രാഷ്ട്രീയമായി സന്തോഷിക്കുകയുമാണ് ചിലർ. എന്റെ ചോദ്യം ഇതാണ്, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതോടെ റേഷൻ ആനുകൂല്യങ്ങളിൽ നിന്നും അർഹതപ്പെട്ടവർ പുറത്തുപോകുന്നുണ്ട്. അവർക്ക് റേഷൻ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്നുള്ളതാണ്.

ശ്രീ. പി. തിലോത്തമൻ: സർ, ഈ ആക്ട് നടപ്പിലാക്കുമ്പോൾ അർഹതപ്പെട്ടവരാരും പുറത്തുപോകാൻ പാടില്ല എന്നാണ് ഗവൺമെന്റിന്റെ ഉറച്ച നിലപാട്. അർഹതപ്പെട്ടവർ പുറത്തുപോയിട്ട് കാര്യമില്ല. ടാർജെറ്റ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റമാണ് ഇവിടെ നിലവിലുള്ളത്. പി.ഡി.എസ്. അല്ല റ്റി.പി.ഡി.എസ്. ആണ് ഇപ്പോൾ നിലവിലുള്ളത്. അപ്പോൾ ടാർജെറ്റ് പാവങ്ങളിൽ പാവപ്പെട്ടവർ, ദരിദ്രരിൽ ദരിദ്രർ തുടങ്ങിയവരെയാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുക്കുമ്പോൾ നമുക്ക് 1,54,80,040 പേരെ തെരഞ്ഞെടുക്കാൻ സർക്കാർ ഈ ആക്ടുപ്രകാരം നിശ്ചയിച്ചിരിക്കുന്ന ആളുകളുടെ എണ്ണം. അത്രയും ആളുകളെ നമുക്ക് ഈ ടാർജെറ്റ് ചെയ്ത് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കാനും അനർഹതപ്പെട്ടവർ ഒരു കാരണവശാലും കടന്നുകൂടാ. അർഹരിൽ ഒരാൾപോലും വെളിയിൽ പോകാൻ പാടില്ല. ആ എക്സർസൈസാണ് ഇപ്പോഴും ഈ കരട് പട്ടിക പ്രസിദ്ധീകരിച്ച് പഞ്ചായത്ത് നിലവാരത്തിൽ മുൻസിപ്പൽ നിലവാരത്തിലുള്ള വെരിഫിക്കേഷൻ കമ്മിറ്റി അതിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കുന്നത്. അതിന് വീണ്ടും അപ്പീൽ കൊടുക്കാൻ ജില്ലാ അടിസ്ഥാനത്തിലുള്ള സമിതികളുണ്ട്. അങ്ങനെ അന്തിമമായ മുൻഗണനാ പട്ടികയുടെ ലിസ്റ്റ് വളരെ സുതാര്യമായി നിർവ്വഹിക്കാൻ കഴിയണം. ആ പട്ടിക തയ്യാറാക്കിയാൽ ഗ്രാമസഭയുടെ അംഗീകാരം തേടി

പഞ്ചായത്ത് പ്രാദേശിക ഭരണകൂടത്തിന് അംഗീകാരം തേടികൊണ്ട് അങ്ങനെ ഒരു സോഷ്യൽ ഓഡിറ്റ് നടത്തികൊണ്ടാണ് നമ്മൾ ഈ കാര്യങ്ങളുമായി മുന്നോട്ടു പോകുന്നത്. കേന്ദ്ര എൻ.എഫ്.എസ്.എ. പ്രകാരം അരിയും മറ്റു ധാന്യങ്ങളും തരുമ്പോൾ നമുക്ക് സൗജന്യമായി തരുന്നില്ല. അതിനൊക്കെ റേറ്റുണ്ട്.

മി. സ്പീക്കർ : ക്ലബ്ബ് ചെയ്ത ചോദ്യം .

ശ്രീ. എസ്. ശർമ്മ : സർ, ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന അരിയുടെയും ഭക്ഷ്യധാന്യത്തിന്റെയും അളവിൽ എത്ര കുറവാണ് ഇതിനകം നമ്മുടെ പരിശോധനയിൽ വന്നിട്ടുള്ളതെന്നും ആ കുറവ് പരിഹരിക്കുവാൻവേണ്ടി അഡ്ഹോക്ക് അലോട്ട്മെന്റ് എന്നോ അഡീഷണൽ അലോട്ടുമെന്റ് എന്ന നിലയ്ക്ക് അഡീഷണലായിട്ട് നൽകുന്നതിന് സന്നദ്ധമാണെന്ന് കേന്ദ്രം അറിയിച്ചിട്ടുള്ളതെന്നുള്ള കാര്യം സ്വാഗതാർഹമാണ്. എന്നാൽ ഒരു നിയമം നടപ്പാക്കി വരുമ്പോൾ നടപ്പാക്കുന്നതിന്റെ കമ്മിറ്റ്മെന്റ് നിയമത്തോടായിരിക്കും. കുറച്ച് കഴിയുമ്പോൾ ഇതിൽ നിന്നും വ്യതിചലിച്ചു കൂടായ്കയില്ല. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം കേരളം പോരാടി നേടിയെടുത്തതാണ്. ഭക്ഷ്യ സുരക്ഷാ ആനുകല്യത്തിന്റെ പേരിൽ അർഹതപ്പെട്ട ഒറ്റ ആൾക്കും നഷ്ടമാകില്ല എന്നുറപ്പ

വരുത്തുന്നതിനുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ ഒരു കരാറിൽ ഏർപ്പെടാൻ കഴിയുന്നതിനുള്ള സാധ്യതയുണ്ടോ ?

ശ്രീ. പി. തിലോത്തമൻ : സർ, വേറെ കരാറിന് സ്കോപ്പില്ല. രാജ്യത്തിന് ആകെ മാതൃകയായ ഒരു ആക്ട് 2013-ൽ പാർലമെന്റ് പാസ്സാക്കി. ആ നിയമം 365 ദിവസത്തിനുള്ളിൽ എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. നമ്മൾ ചെയ്തില്ല. അതുകൊണ്ടാണ് കുറെ ശിക്ഷണ നടപടികൾ ഇവിടെ വന്നത്. നമുക്ക് 15.91 ലക്ഷം മെട്രിക് ടൺ അരിയും ഭക്ഷ്യധാന്യങ്ങളുമാണ് അഡീഷണൽ അലോട്ടുമെന്റ് ഉൾപ്പെടെ ലഭിച്ചുകൊണ്ടിരുന്നത്. അതിൽ അഡീഷണൽ അലോട്ട്മെന്റ് 3.65 ലക്ഷം മെട്രിക് ടണ്ണായിരുന്നു. അതായിരുന്നു ഓണത്തിനുമുമ്പ് ഈ ആക്ട് നടപ്പിലാക്കിയില്ല എന്നതിന്റെ പേരിൽ നമുക്ക് തരാതിരുന്നത്. നോർമൽ അലോട്ട്മെന്റായ 12.26 ലക്ഷം മെട്രിക് ടണ്ണാണ് നമുക്ക് ലഭിച്ചുകൊണ്ടരിന്നത്. അതിന്റെ പ്രയാസമാണ് ഈ മാസം അനുഭവിക്കുന്നത്. നമുക്ക് വേറെ അഡീഷണലായി വേറെ ഒന്നും കിട്ടാനുള്ള സാധ്യതയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞങ്ങൾ ക്ലെയിം ചെയ്തിട്ടുണ്ട്. 15.91 ലക്ഷം മെട്രിക് ടൺ കഴിഞ്ഞ വർഷങ്ങളിലൊക്കെ നമുക്ക് കിട്ടിക്കൊണ്ടിരിന്നതാണ്. അതിനുമുമ്പ് ഇതിനെക്കാൾ കിട്ടിക്കൊണ്ടിരുന്നതാണ്. അഞ്ചു വർഷത്തെ back file

പരിശോധിച്ചാൽ 16 ലക്ഷം മെട്രിക് ടൺ ശരാശരി ലഭിക്കേണ്ടതാണ്. പക്ഷേ, ആകട്ടിൽ അതു നോക്കുമ്പോൾ 14.25 മെട്രിക് ടൺമാത്രമാണ് ലഭിച്ചത്. അതുകൊണ്ട് അതിന്റേതായ ബുദ്ധിമുട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായൊരു വിഷയമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലാത്തൊരു പ്രത്യേകത എന്ന നിലയ്ക്കാണ് കേരളത്തിൽ റേഷൻ അനുവദിച്ചു കിട്ടിയത്. നമ്മുടെ സംസ്ഥാനത്തിന്റെ കാർഷികോൽപ്പന്നങ്ങൾ നാണ്യവിളകളായതുകൊണ്ടും ഭക്ഷ്യധാന്യങ്ങൾ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ, നമുക്ക് സ്വയം ഉൽപ്പാദിപ്പിക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ടും കേരളമാകെ ഒന്നായി, ഒറ്റക്കെട്ടായി ശ്രമിച്ചതിന്റെ ഫലമായാണ് ഇത്തരമൊരു റേഷനിംഗ് സമ്പ്രദായം കേന്ദ്ര സർക്കാർ നേരത്തെ ഏർപ്പെടുത്തിയിരുന്നത്. അതിന്റെ ഭാഗമായി റേഷൻ വ്യവസ്ഥ തകർക്കുന്ന നടപടികളാണ് നേരത്തെ മുതൽ ആരംഭിച്ചുവന്നത്. ഇത് വലിയതോതിലുള്ള പ്രത്യാഘാതം ഉണ്ടാക്കുന്നതാണ്. റേഷൻ ലഭിക്കുന്നവരെ തരംതിരിച്ചതോടുകൂടി അതിനുള്ള തുടക്കം കുറിക്കുകയുണ്ടായി. ഈ സർക്കാർ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ടവരാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കേരളത്തിന്

നേരത്തെ അനുവദിച്ച് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ കേന്ദ്ര സർക്കാരിന് മനസ്സിലാകുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. കാലംകുറേ കഴിഞ്ഞപ്പോൾ കേന്ദ്രത്തിൽ ഇരിക്കുന്നവർക്കൊന്നും മനസ്സിലാക്കാനോ, കേരളത്തിന്റെ പ്രത്യേകത ഉൾക്കൊള്ളാനോ കഴിയാത്തൊരവസ്ഥ ഉണ്ടാകുന്നുണ്ട്. അതിന്റെ ഭാഗമായി പ്രത്യാഘാതം നാം ഏറ്റുവാങ്ങേണ്ടതായിവരും. കേരളത്തിന്റെ പ്രത്യേകത മനസ്സിലാക്കാത്തതിന്റെ ഫലമായി വന്നുചേരുന്ന ദുരന്തം ഇന്ന് നാം കാണേണ്ടതായിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, ബി.പി.എൽ. കാർഡ് ഉടമകളായുള്ളവരൊക്കെ എ.പി.എൽ. കാർഡിലേക്ക് മാറുന്നൊരു സ്ഥിതിയുണ്ട്. ബി.പി.എൽ. കാർഡിലുൾപ്പെട്ട എത്ര ആളുകൾ ഇപ്പോൾ എ.പി.എൽ. കാർഡിലേക്ക് മാറി എന്നതിന്റെ കണക്ക് ഗവൺമെന്റിനുണ്ടോ; മുൻ ഗവൺമെന്റിന്റെ കാലത്തുനടത്തിയ സർവ്വേയുടെ ഭാഗമായുള്ള പ്രതിസന്ധി അങ്ങ് പരിഹരിക്കുമെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങനെ കണക്കെടുക്കാനുള്ള സമയമായില്ല. കരട് പട്ടിക തയ്യാറാക്കി അത് പ്രസിദ്ധീകരിക്കുകയും അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും കൊടുക്കാനുള്ള സമയമാണ് ഇപ്പോൾ ഈ സന്ദർഭത്തിലുള്ളത്.

അർഹതപ്പെട്ട ആരും ആ പട്ടികയ്ക്ക് വെളിയിൽ പോകാതിരിക്കാൻ, അവർക്ക് ആക്ഷേപങ്ങളെടുക്കാൻ അല്ലെങ്കിൽ അനർഹർ കടന്നുകൂടിയിരിക്കുന്നുവെന്നുള്ള പരാതികൾ സമർപ്പിക്കാനുള്ള സന്ദർഭമാണിത്. അതിന്റെ അടിസ്ഥാനത്തിൽ വളരെ കറക്ടായിട്ടുള്ള, ശരിയായിട്ടുള്ള അർഹതപ്പെട്ടവരുടെ പട്ടികയാണ് സർക്കാർ തയ്യാറാക്കി നൽകേണ്ടത്. മുഖ്യമന്ത്രി പറഞ്ഞത് വളരെ ശരിയായൊരു കാര്യമാണ്. കേരളത്തിന്റെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം അവസാനിച്ചു. എല്ലാ സംസ്ഥാനങ്ങളെയും പോലുള്ള അർഹതമാത്രമേ ഇനി കേരളത്തിനുള്ളൂ.

ശ്രീ. കാരാട്ട് റസാഖ്: സർ, റേഷൻ കാർഡുകളിൽ പൊതുവായി കാണപ്പെടുന്നത് അർഹതപ്പെട്ടവർ എ.പി.എൽ ലിസ്റ്റിലും അർഹതപ്പെടാത്തവർ അതായത് ഉദ്യോഗസ്ഥർ, സാമ്പത്തിക ഭദ്രതയുള്ള ആളുകൾ എന്നിവർ ബി.പി.എൽ. ലിസ്റ്റിലുമാണ് കാണപ്പെടുന്നത്. ഇതിന് മാറ്റം വരുത്താൻ എന്ത് നടപടികൾ സ്വീകരിക്കാൻ സാധിക്കും; കരട് ലിസ്റ്റിൽ പ്രസിദ്ധീകരിച്ചതിന്റെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ചില വ്യവസ്ഥകൾ വച്ചുകൊണ്ടാണ് ഫോറം തയ്യാറാക്കി എല്ലാ കുടുംബങ്ങളിലും സർക്കാർ എത്തിച്ചിട്ടുള്ളത്. ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, ആയിരം

ചതുരശ്രയടിക്കുമേൽ വിസ്താരമുള്ള വീടുള്ളവർ, ഫോർ വീലർ വാഹനങ്ങളുള്ളവർ, ആദായനികുതി അടയ്ക്കുന്നവർ, സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ബാങ്ക് ജീവനക്കാർ ഉൾപ്പെടെയുള്ള ആളുകൾ ഒരു കാരണവശാലും ഈ മുൻഗണനാപട്ടികയിൽ ഉൾപ്പെടാൻ പാടില്ല എന്നതാണ് നിർദ്ദേശം. ആ നിർദ്ദേശം 100 ശതമാനവും സർക്കാർ പാലിച്ചുകൊണ്ടുള്ള ഒരു മുൻഗണനാപട്ടിക തയ്യാറാക്കാനുള്ള എക്സർസൈസ് ആണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് കൃത്യമായി നിർവ്വഹിച്ചാൽ ഒരു കാരണവശാലും അനർഹർ മുൻഗണനാപട്ടികയിൽ കടന്നുവരില്ല, അർഹരെ ഒഴിവാക്കാനും സാധിക്കില്ല. നിലവിലുണ്ടായിരുന്ന ബി.പി.എൽ. പട്ടികയിൽ അനർഹർ ധാരാളമായി എല്ലാപ്രദേശങ്ങളിലും ഉണ്ടായിരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. അതുപോലെ എ.പി.എൽ. പട്ടികയിലുള്ള അർഹർ ധാരാളമായി ഉണ്ടായിരുന്നുവെന്നുള്ളതും ഒരു വസ്തുതയാണ്. അതെല്ലാം റെക്ടിഫൈ ചെയ്യാൻ കിട്ടുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു സന്ദർഭമായി ഈ സന്ദർഭത്തെ കാണണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് എല്ലാ നിയോജകമണ്ഡലങ്ങളിലും ഇപ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ

കൂടുതലാണ്. കേരളീയ സമൂഹത്തെ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. കേന്ദ്രത്തിന്റെ ഇത്തരത്തിലുള്ള ദ്രോഹകരമായ നിലപാട് മാറ്റിക്കാൻ എല്ലാവരേയും വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ശക്തമായ എന്തുനിലപാട് സ്വീകരിക്കാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, തീർച്ചയായും അത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, മുൻഗണനാപട്ടിക പരിശോധിച്ച് പരിഹാരം കാണാനുള്ള പരിശ്രമം ഇപ്പോൾ താലൂക്ക് സപ്ലൈ ഓഫീസർ മുഖേനയാണ് നിർവ്വഹിക്കുന്നത്. ഇതിനുള്ള ഉദ്യോഗസ്ഥ സംവിധാനങ്ങളുംമറ്റും നിയോഗിച്ച് ഈ പട്ടിക സമയബന്ധിതമായി പരിശോധിച്ചതിന്റെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന് പറയുന്നത് വളരെ പ്രയാസകരമായൊരു കാര്യമാണ്. അതിന് കുടുംബശ്രീ, ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയുള്ള മാതൃകയിൽ ഏതെങ്കിലും തരത്തിലുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്താനാകുമോ; താലൂക്ക് ഓഫീസ് ലെവലിൽ എത്തിച്ചേരുന്ന ഈ നിഗമനങ്ങൾ പ്രസിദ്ധീകരിച്ചാൽ ഒരു അപ്പീൽ അതോറിറ്റി സംബന്ധിച്ച് എന്ത്

സംവിധാനമാണ് ക്രമീകരിച്ചിട്ടുള്ളത്; ഇവിടെ ജി.എസ്.ടി.ബിൽ നടപ്പാക്കുന്നതോടനുബന്ധിച്ച് പഞ്ചസാര, അരി, വെളിച്ചെണ്ണ, കോഴിയിറച്ചി, മഞ്ഞൾ, മല്ലി, കുരുമുളക് തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കൾക്കും വിലവർദ്ധനവുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇക്കാര്യങ്ങളെക്കൂടി പരിഗണിച്ചുകൊണ്ട് റേഷൻ കടകളെ ഉപയോഗപ്പെടുത്തി അവശ്യ-നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നൊരു പദ്ധതി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരമൊരു പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാപട്ടികയുടെ കരട് രൂപം താലൂക്ക് സപ്ലൈ ഓഫീസിൽ മാത്രമല്ല എല്ലാ പഞ്ചായത്ത്, വില്ലേജ് ഓഫീസുകളിലും റേഷൻ കടകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പട്ടികപ്രകാരം പഞ്ചായത്ത്, വില്ലേജ്, താലൂക്ക് സപ്ലൈ തുടങ്ങിയ ഓഫീസുകളിൽ പരാതികൾ സമർപ്പിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള പരാതിയാണെങ്കിൽ പഞ്ചായത്തിലും മുൻസിപ്പാലിറ്റിയിലുള്ള പരാതിയാണെങ്കിൽ മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനിലുള്ള പരാതിയാണെങ്കിൽ കോർപ്പറേഷനിലും പരാതികൾ

സമർപ്പിച്ചുകൊണ്ടാണ് പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റികൾ അതാത് സ്ഥലങ്ങളിൽ വെരിഫൈ ചെയ്തുകൊണ്ട് തീരുമാനമെടുക്കുന്നത്. അതിലും തീരുമാനം എടുത്തുകഴിഞ്ഞ് അർഹതപ്പെട്ടവർ വീണ്ടും ഒഴിവാകുന്നുവെങ്കിൽ അവർക്ക് ജില്ലാകളക്ടർ ചെയർമാനായ അപ്പീൽ സമിതിക്ക് അപ്പീൽ കൊടുക്കാൻ 7 ദിവസത്തെ സമയമുണ്ട്. അവിടെവച്ച് അന്തിമ തീരുമാനമടുക്കാവുന്നതാണ്. അതാണ് അത് സംബന്ധിച്ച് പറയാനുള്ളത്. ജി.എസ്.ടി. കൗൺസിലും ജി.എസ്.ടി. നിയമങ്ങളും നമ്മുടെ രാജ്യത്ത് നടപ്പിലാകുമ്പോൾ ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനുള്ള സാഹചര്യത്തെ സംബന്ധിച്ചാണ് ശ്രീ. എ. എം. ആരിഫ് രണ്ടാമതായി സൂചിപ്പിച്ചത്. തീർച്ചയായും ആ ഭീഷണി നമ്മുടെ മുന്നിലുണ്ട്. ഈ നിയമം നടപ്പിലാകുമ്പോൾ റേഷൻ കടകൾ നവീകരിക്കുകയും കുറേക്കൂടി വൈവിദ്ധ്യവൽക്കരിക്കാനും കഴിയേണ്ടതായുണ്ട്. അതിന്റെ വിശദാംശങ്ങൾ ഇനി ആലോചിക്കേണ്ടതായുണ്ട്. അവശ്യസാധനങ്ങൾ ഉൾപ്പെടെയുള്ളവ വിതരണം ചെയ്യുന്ന പ്രധാനപ്പെട്ട സെന്ററുകളായി, നമ്മുടെ പൊതുവിതരണ സമ്പ്രദായത്തെ ഏറ്റവും പ്രധാനപ്പെട്ട കണ്ണി എന്ന നിലയിൽ റേഷൻ കടകളെ മാറ്റിത്തീർക്കണമെന്നാണ് ഗവൺമെന്റ് ആലോചിച്ചുവരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിഗൗരവമുള്ള ഒരു വിഷയമാണ് എന്റെ ചോദ്യമായി വന്നിട്ടുള്ളത്. നിയമത്തിന്റെ അടിസ്ഥാനത്തിൽ പത്തുലക്ഷം ടൺ അരിയായിരുന്നു നേരത്തെ കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത്. കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി ശ്രീ. കെ.വി. തോമസ് സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായാണ് 14.5 ലക്ഷം ടണ്ണായി അരി വർദ്ധിപ്പിച്ചത്. കേരളത്തിന്റെ കണക്കനുസരിച്ച് 3 വർഷത്തെ ഓഫ് ടേക്കിന്റെ ആവറേജ് പരിശോധിച്ചാൽ കേരളത്തിന് 16.5 ലക്ഷം ടൺ അരിക്ക് അർഹതയുണ്ട്. മറ്റൊരു സംസ്ഥാനത്തിനും ഇല്ലാത്ത നിലയിൽ 100 ശതമാനം ഓഫ് ടേക്കുള്ള സംസ്ഥാനം കേരളമാണ്. ഇപ്പോഴത്തെ കേന്ദ്രസർക്കാരിന്റെ ഈ നയം ശരിയല്ല, എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള അരി കിട്ടാത്തതുകൊണ്ട് ഇപ്പോൾ അരി വിതരണം താളം തെറ്റിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും പ്രധാനമന്ത്രിയുമായി സംസാരിച്ച് കേരളത്തിന് കുറവുവരുന്ന അരി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. കരട് ലിസ്റ്റ് പ്രകാരം ഇപ്പോൾ പരാതികൾ സ്വീകരിക്കേണ്ട സമയമാണ്. വളരെ വ്യാപകമായ തോതിലുള്ള അനോമലികൾ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. വളരെ സൂക്ഷ്മമായി പരിശോധിച്ചില്ലെങ്കിൽ വലിയ പരാതികൾക്കിടവരുത്താൻ പോകുന്ന ഒരു

കാര്യമായിരിക്കും എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ ഓഫ് ടേക്കിനെ സംബന്ധിച്ചും നമുക്ക് ലഭിച്ചുകൊണ്ടിരുന്ന അരിയെ സംബന്ധിച്ചുമൊക്കെ പറഞ്ഞത് ശരിയാണ്. നമുക്ക് നിയമം അനുശാസിക്കുന്നത് 14.25 ലക്ഷം മെ.ടൺ അരിയാണ്. മുൻഗണനാ പട്ടികയിലുള്ളവർക്ക് വിതരണം ചെയ്യാനായി 10.25 ലക്ഷം മെ.ടൺ അരിയാണ് വേണ്ടത്. 4 ലക്ഷം മെ.ടൺ അരിയാണ് ബാക്കിവരുന്ന 1 കോടി 78 ലക്ഷം ആളുകൾക്ക് കൊടുക്കാനായുള്ളത്, അതിൽ അതിന്റേതായ പ്രശ്നങ്ങളുമുണ്ട്. നിയമം നടപ്പാക്കുന്നതോടൊപ്പവും നടപ്പാക്കിയതിനുശേഷവും കേന്ദ്രത്തിൽ നമ്മുടെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടത് വളരെ അനിവാര്യമാണ്. ഇതുസംബന്ധിച്ച് പല പ്രാവശ്യം മുഖ്യമന്ത്രി കത്തെഴുതുകയും ഞങ്ങൾ നേരിട്ട് നിവേദനം നൽകുകയും ചെയ്തിരുന്നു. നമുക്ക് ഇതിനെക്കാൾ വലിയ പ്രശ്നങ്ങളുമുണ്ട്. നമ്മുടെ മാർക്കറ്റ് ഇന്റർവെൻഷൻ എത്ര ശക്തിയായി നടത്തിയാലും വലിയൊരളവുവരെ അത് പ്രതിഫലിക്കാത്തത് 40 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ ഇവിടെ താമസിക്കുന്നതുകൊണ്ടാണ്. അവർ നമ്മുടെ മാർക്കറ്റിനെ അഭയം

പ്രാപിച്ചാണ് ജീവിക്കുന്നത്. അതിന്റെ സമ്മർദ്ദം കൂടി വരുന്നുണ്ട്. അതിന് നമുക്ക് എന്തെങ്കിലും അവകാശം കേന്ദ്രം നൽകേണ്ടതാണ്. അതൊക്കെ നമ്മൾ ചൂണ്ടിക്കാണിച്ചുവെങ്കിലും ഒരു നടപടിയും കേന്ദ്രം സ്വീകരിച്ചിട്ടില്ല. നിങ്ങൾ ആക്ട് നടപ്പാക്കൂ അതിനുശേഷമാകാം മറ്റ് കാര്യങ്ങൾ എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഈ പ്രശ്നങ്ങളെല്ലാം നമ്മുടെ മുന്നിലുണ്ട്. പരാതികളും ആക്ഷേപങ്ങളും ധാരാളമായിട്ടുണ്ട് എന്നത് വളരെ ശരിയാണ്. നമ്മൾ തയ്യാറാക്കികൊടുത്ത ഫോറം അവരവർതന്നെ പൂരിപ്പിച്ച് നൽകണമെന്നതാണ് ഉദ്ദേശിച്ചിരുന്നത്. സത്യസന്ധമായി ഫോറങ്ങൾ പൂരിപ്പിച്ചവരും കാര്യങ്ങൾ മറച്ചുവച്ച് പൂരിപ്പിച്ചവരുമുണ്ട്. അതെല്ലാം പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്. ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരുൾപ്പെട്ട പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനിക്കും. അവർക്ക് പ്രഥമദൃഷ്ട്യാതന്നെ അനർഹരാണെന്ന് കാണുന്നവരെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കാവുന്നതാണ്. അനർഹരായ ആളുകൾ ഈ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പൊതുപ്രവർത്തകർക്കും ജനങ്ങൾക്കും അവരെ സംബന്ധിച്ച് ആക്ഷേപം കൊടുക്കാനുള്ള സന്ദർഭമാണിത്. ആക്ഷേപം നൽകിയാൽ മാത്രമേ അർഹരായ ആളുകളുടെ പട്ടിക തയ്യാറാക്കാൻ

സാധിക്കുകയുള്ളൂ. അതിന് വളരെ സൂക്ഷ്മമായി ജനപ്രതിനിധികൾ ഇക്കാര്യത്തിൽ ഇടപെടണം. നമ്മുടെ സമൂഹമാകെ ഇക്കാര്യത്തിൽ ഇടപെടാനുള്ള നിർദ്ദേശം എല്ലാ വിഭാഗം ജനങ്ങൾക്കും കൊടുക്കണമെന്നാണ് ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ബി. സത്യൻ</u>: സർ, നിലവിലുള്ള ബി.പി.എൽ., എ.പി.എൽ. ലിസ്റ്റുതന്നെ ഒരുപാട് അപാകതകൾ നിറഞ്ഞതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വളരെ നിർദ്ധനരായ കുടുംബങ്ങളെപ്പോലും എ.പി.എൽ. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോഴത്തെ ലിസ്റ്റിലും ഇത് ആവർത്തിക്കപ്പെട്ടിരിക്കുന്നു എന്നും ഈ ലിസ്റ്റ് അപാകതകളുടെ കുമ്പാരമാണെന്നുമാണ് ലിസ്റ്റ് പരിശോധിച്ച ജനപ്രതിനിധികളും മറ്റും പറയുന്നത്. ലിസ്റ്റിന്റെ പരിശോധനയ്ക്കായി നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ എത്രകണ്ട് ഇക്കാര്യങ്ങളിൽ സുതാര്യത വരുത്തി അർഹരായ ആളുകളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തും എന്ന കാര്യത്തിൽ സംശയമാണ്. സമ്പൂർണ്ണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടപ്പോൾ എല്ലാ ആളുകളെയും പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരായി കണക്കാക്കിയതുപോലെ മത്സരിച്ച് ചിലരെ ഒഴിവാക്കാനും ചിലരെ ഉൾപ്പെടുത്താനുംവേണ്ടിയുള്ള ദ്രുതഗതിയിലുള്ള

പ്രവർത്തനങ്ങൾ നടക്കുന്നു. റേഷൻ കടക്കാർ രംഗത്തുവന്നതോടുകൂടി ഒരു പ്രത്യേക സ്ഥിതിവിശേഷം സംസ്ഥാനത്ത് സംജാതമായിട്ടുണ്ട്. ഒരു രൂപയ്ക്കും സൗജന്യമായും 8 രൂപ 90 പൈസയ്ക്കും ലഭിച്ചിരുന്ന അരി നാളെ മുതൽ നിർത്തലാക്കുകയാണ് എന്ന നിലയിൽ വ്യാപകമായ പ്രചരണം ഈ ഗവൺമെന്റിനുമേൽ കെട്ടിവയ്ക്കാനുള്ള പരിശ്രമം നടക്കുന്നു എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, പ്രചരണങ്ങൾ പലവിധത്തിൽ നടക്കുന്നുണ്ട്, അതൊന്നും വസ്തുതാപരമായ കാര്യങ്ങളല്ല. കാര്യങ്ങൾ നിർവഹിക്കുമ്പോൾ അത് എല്ലാവർക്കും മനസ്സിലാകും എന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. അർഹരായ എല്ലാ ആളുകളും മുൻഗണനാ പട്ടികയിൽ വരണം. അതിന് വെരിഫിക്കേഷൻ കമ്മിറ്റിയിലും അപ്പീൽ കമ്മിറ്റിയിലും പ്രവർത്തിക്കുന്നവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു കാരണവശാലും അനർഹർ ലിസ്റ്റിൽ ഉൾപ്പെടരുത് എന്ന കാര്യത്തിൽ നമുക്കും നിർബന്ധമുണ്ടാകണം. ഈ കമ്മിറ്റികൾ തീർപ്പുകൽപ്പിക്കുന്ന അന്തിമ പട്ടിക സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. എല്ലാ ഗ്രാമസഭകളിലും പഞ്ചായത്ത് മുനിസിപ്പൽ സമിതികളിലും വച്ച് അംഗീകാരം വാങ്ങിക്കൊണ്ടാണ് ഇതിന്റെ

ഇംപ്ലിമെന്റേഷനിലേയ്ക്ക് കടക്കുന്നത്. സോഷ്യൽ ഓഡിറ്റുകൂടി കഴിയുമ്പോൾ അനർഹരായ ഒരാൾപോലും കടന്നുകൂടാത്ത മുൻഗണനാ പട്ടിക തയ്യാറാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ പൊതുവായി പറഞ്ഞ കാര്യം തന്നെയാണ് സൂചിപ്പിക്കാനുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ റേഷൻ കടക്കാരും അവരുടെതായ സമരവുമായി മുന്നോട്ടുപോകുന്നു. അതുപോലെതന്നെ അരി ലഭിക്കേണ്ട ഉപഭോക്താക്കളും വലിയ ആശങ്കയിലാണ്. അരി എ.പി.എൽ. കാർക്കും ബി.പി.എൽ. കാർക്കും ലഭിക്കുന്നില്ല, അരി കുറഞ്ഞിരിക്കുന്നു, കൂടുതൽ പൈസ കൊടുക്കേണ്ടിവരുന്നു തുടങ്ങിയ കാര്യങ്ങളിലെല്ലാം ജനങ്ങൾ ആശങ്കയിലാണ്. മന്ത്രി ഇതിനൊക്കെ മറുപടി പറഞ്ഞെങ്കിലും കേന്ദ്ര ഗവൺമെന്റിൽ നമ്മൾ സമ്മർദ്ദം ചെലുത്തി എത്രയുംവേഗം ഇതിനൊരു പരിഹാരം കാണണം. നിയമം വരട്ടെയെന്ന് പറഞ്ഞതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നു. എന്നാൽ അതിനുമുമ്പുതന്നെ നമ്മൾ ഇക്കാര്യത്തിൽ ഇടപെട്ട് ജനങ്ങളുടെ ആശങ്ക മാറ്റി പാവപ്പെട്ടവർക്ക് അരി ലഭിക്കുന്ന സാഹചര്യമുണ്ടാക്കാൻ എത്രയും വേഗം തീരുമാനമെടുക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നമുക്ക് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ആശങ്കകൾ ഉള്ളതുകൊണ്ടുകൂടിയാണ് കഴിഞ്ഞ ഗവൺമെന്റ് ഈ ആക്ട് നടപ്പാക്കുന്നതിൽ വളരെയേറെ കാലതാമസമുണ്ടാക്കിയത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് ആ ആശങ്കകൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും നമ്മുടെ ആശങ്കൾ കത്തിലൂടെയും നേരിട്ടും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ആശങ്കകളെല്ലാം നമ്മുടെ മനസ്സിലുണ്ടെങ്കിലും രാജ്യത്തിനാകെ മാതൃകയായ ഒരു നിയമം നിലവിൽ വന്നുകഴിഞ്ഞു. 2013 ജൂലൈയിൽ പാർലമെന്റിൽ ഈ നിയമം കൊണ്ടുവരുന്ന സന്ദർഭത്തിലാണ് നമ്മുടെ ആശങ്കകൾ ഏറ്റവും ശക്തിയായി നമ്മൾ പ്രകടിപ്പിക്കേണ്ടിയിരുന്നത്. പക്ഷേ നമ്മൾ പ്രകടിപ്പിച്ചോ ഇല്ലയോ എന്ന കാര്യം മറ്റൊന്ന്. പക്ഷേ രാജ്യത്തിനാകെ മാതൃകയായ ആ നിയമം പാസ്സാക്കി. ഈ സഭയിലെതന്നെ അംഗവും നമ്മുടെ സംസ്ഥാനത്തിന്റെ മന്ത്രിയുമായിരുന്ന ശ്രീ. കെ. വി. തോമസ് കേന്ദ്രമന്ത്രിയായിരുന്നപ്പോഴാണ് ഈ ആക്ട് പാർലമെന്റിൽ കൊണ്ടുവരുന്നത്. നമ്മുടെ വികാര വിചാരങ്ങളും സംസ്ഥാനത്തെ സ്ഥിതിയും അറിയാവുന്ന ഒരാൾതന്നെയാണ് പാർലമെന്റിൽ ഈ നിയമം കൊണ്ടുവന്നത്. അത്

പാസ്സായിക്കഴിഞ്ഞു. അത് നടപ്പാക്കുകയല്ലാതെ നമ്മുടെ മുന്നിൽ മറ്റ് വഴികളില്ല. ആ നിയമം നടപ്പാക്കിക്കൊണ്ട് നമ്മുടെ ആശങ്കകൾ നമ്മൾ ഒറ്റക്കെട്ടായി കേന്ദ്രത്തെ അറിയിച്ചിച്ച് നമുക്ക് അർഹതപ്പെട്ടത് വാങ്ങിയെടുക്കുക എന്നതാണ് ഇനി കരണീയമായിട്ടുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഭക്ഷ്യസുരക്ഷാ നിയമം പ്രിപ്പയർ ചെയ്യുന്ന അവസരത്തിൽ അന്നത്തെ മന്ത്രിയായിരുന്ന കെ.വി. തോമസ് എല്ലാ ജനപ്രതിനിധികൾക്കും ഒരു കത്ത് എഴുതിയിരുന്നു. രാജ്യത്തിന് അഭിമാനകരമായ നിയമമാണ്, പ്രത്യേകിച്ച് കേരളത്തിന് ഏറ്റവും കൂടുതൽ നേട്ടമുണ്ടാകുന്ന ഒരു നിയമനിർമ്മാണമാണ് നടത്താൻ പോകുന്നത്. അതിന് എല്ലാ വിധ പിന്തുണയും നൽകണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭ്യർത്ഥന. കഴിഞ്ഞ മൂന്ന് വർഷമായി യു.ഡി.എഫ്. സർക്കാർ ഈ നിയമം നടപ്പിലാക്കാൻ വിമുഖത കാണിക്കുകയും അത് മാറ്റി വയ്ക്കുകയും ചെയ്തത് ജനങ്ങൾ പ്രതിഷേധിക്കുമെന്ന് മുൻകൂട്ടി മനസ്സിലാക്കിയതു കൊണ്ടായിരിക്കാം. എന്റെ ചോദ്യം, തീരദേശത്ത് പട്ടിണി കിടക്കുന്ന ആയിരക്കണക്കിന് ഈ കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽ കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. പി. തിലോത്തമൻ: സർ, തീരദേശത്തെ പാവപ്പെട്ട

മത്സ്യത്തൊഴിലാളികളുൾപ്പെടെ നമ്മുടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ജനങ്ങൾക്കും മുൻഗണനാ പട്ടികയിൽ സ്ഥാനമുണ്ടാകണം. 1,54,80,000 പേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താം. മുമ്പ് എ.എ.വൈ വിഭാഗത്തിലും ബി.പി.എൽ. വിഭാഗത്തിലുമായി 95 ലക്ഷം ആളുകളെ ഉൾപ്പെടുത്തിയിരുന്ന സ്ഥാനത്താണ് 1,54,80,040 പേർ കടന്നുവരാനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടത്. ഈ വിഭാഗത്തിലുള്ള എല്ലാ ആളുകൾക്കും ഈ ലിസ്റ്റിൽ വരാം. നമ്മൾ സൂക്ഷ്മമായി ഇക്കാര്യത്തിൽ ഇടപെടണം. ആക്ഷേപങ്ങൾ കൊടുക്കാനും പരാതികൾ സമർപ്പിക്കാനുമുള്ള അവസരവും അത് വെരിഫൈ ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുമുണ്ട്. അവിടെ ശക്തമായി ഇടപെടാൻ പൊതുസമൂഹം തയ്യാറാകണം. അന്തിമ ലിസ്റ്റ് സോഷ്യൽ ഓഡിറ്റിന് വിധേയമാകുമ്പോൾ അനർഹർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവിടെവച്ചും നമുക്ക് തിരുത്താവുന്നതാണ്. പൊതുസമൂഹം ഈ അവസരങ്ങളെല്ലാം പ്രയോജനപ്പെടുത്തണമെന്നതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അടുത്ത ചോദ്യവും ഈ വിഷയവുമായി ബന്ധപ്പെട്ടതായതുകൊണ്ട് അതിലും സാമാജികൾക്ക് ഉപചോദ്യങ്ങൾ

ഉന്നയിക്കാവുന്നതാണ്.

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

(*452) ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവായിപ്പോകുന്ന റേഷൻ കാർഡുടമകൾക്ക് എന്തെങ്കിലും റേഷൻ വിഹിതം സംസ്ഥാന പദ്ധതിയായി ലഭ്യമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ആശുപത്രികൾ, ജയിലുകൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോഴും തുടരുമോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് ഭക്ഷ്യ

ധാന്യങ്ങൾ സൗജന്യ നിരക്കിൽ നൽകുന്നത് ഭക്ഷ്യ ഭദ്രതാ നിയമത്തിലും തുടരുമോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആകുന്നു. കേരളത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരാത്ത 187 ലക്ഷത്തോളം അർഹരായ ജനവിഭാങ്ങൾക്ക് ബാക്കിയുള്ള 4 ലക്ഷം മെ.ടൺ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുവാൻ കഴിയും. ആയതിന്റെ വിതരണക്രമം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് വെൽഫെയർ പെർമിറ്റുകൾ പ്രകാരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങളായ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയ്ക്കും എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾ പ്രകാരം ജയിലുകൾ, പോലീസ് ക്യാമ്പുകൾ, ആശുപത്രികൾ തുടങ്ങിയവയ്ക്കും ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിന് മുൻഗണനാ

വിഭാഗങ്ങൾക്ക് വേണ്ടിവരുന്ന 10.25 മെ.ടൺ ഭക്ഷ്യധാന്യം ആകെയുള്ള 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യത്തിൽനിന്നും കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന 4 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യത്തിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുമ്പോഴും എ.എ.ഐ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ തന്നെ അരി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. മുൻഗണനാ വിഭാഗക്കാർക്ക് NFSA നിരക്കിൽ നൽകണമോ, സൗജന്യമായി നൽകണമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

<u>ശ്രീമതി ഇ. എസ് ബിജിമോൾ</u>: സർ, ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ പരാതി പരിഹാര സംവിധാനങ്ങളുമായി ബന്ധപ്പെട്ട് വെരിഫിക്കേഷൻ കമ്മിറ്റിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും പറയുകയുണ്ടായി. എന്നാൽ അപ്പീൽ കൊടുക്കേണ്ട, നിലവിലെ ഗാർഹിക പരിഹാര സംവിധാനമായ കോൾ സെന്ററിനെക്കുറിച്ചും ജില്ലാതല പരിഹാര സെന്ററിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അപ്പീൽ അതോറിറ്റി കുറച്ചുകൂടി താഴെത്തട്ടിലേയ്ക്ക് കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ?

എ.പി.എൽ. വിഭാഗത്തിൽപ്പെട്ട അനർഹരായ ഒരാൾ ലിസ്റ്റിൽ കടന്നുകൂടുന്നതിനെക്കാൾ കഷ്ടമാണ് അർഹരായ ഒരാളെങ്കിലും ഈ ലിസ്റ്റിൽ നിന്നും പുറത്തുപോകുന്നത്. അല്ലെങ്കിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലേയ്ക്ക് വരുമ്പോൾ വലിയ പ്രശ്നങ്ങളുണ്ടാകും; പഞ്ചായത്തുമെമ്പർമാർക്ക് ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ കഴിയാത്ത സമ്മർദ്ദങ്ങളും പ്രശ്നങ്ങളും ഉണ്ടാകും. നാലുപേരടങ്ങുന്ന അപ്പീൽ അതോറിറ്റിയായ വെരിഫിക്കേഷൻ കമ്മിറ്റിയെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. അപ്പീൽ അതോറിറ്റി പുന:ക്രമീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുയാണെങ്കിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽ വരുന്ന തർക്കങ്ങൾ ഒഴിവാക്കാൻ കഴിയും. കാര്യങ്ങൾ കുറച്ചുകൂടി സുതാര്യമായി മുന്നോട്ട് കൊണ്ടുപോകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, വെരിഫിക്കേഷൻ കമ്മിറ്റി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറി ചെയർമാനായും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറായും വില്ലേജ് ഓഫീസറും ഐ.സി.ഡി.എസ്. ഓഫീസറും ചേർന്നതാണ് പഞ്ചായത്ത് തലത്തിലുള്ള വെരിഫിക്കേഷൻ

കമ്മിറ്റി. ഇതിനുസമാനമായി മുനിസിപ്പിലിറ്റിയിലും കോർപ്പറേഷനിലുമുണ്ട്. ഒരു പഞ്ചായത്തിലെ വില്ലേജ് ഓഫീസറും റേഷനിംഗ് ഇൻസ്പെക്ടറും ഐ.സി.ഡി.എസ്. ഓഫീസറും അവിടെയുള്ള മിക്കവാറും ആളുകളെ അറിയാവുന്നവരാണ്. അവരെ സഹായിക്കുന്ന ജോലിയാണ് ജനപ്രതിനിധികളും പൊതുപ്രവർത്തകരുമായ നമ്മൾ നിർവ്വഹിക്കേണ്ടത്. താഴെത്തലത്തിലുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പിൽത്തന്നെ പരാമവധി പരിഹാരമുണ്ടാക്കാൻ കഴിയും. വളരെ അപൂർവ്വമായി വരുന്ന അപ്പീലുകൾ പരിഹരിക്കുന്നതിന് ജില്ലാകളക്ടർ ചെയർമാനായും ഡി.എസ്.ഒ. കൺവീനറുമായുമുള്ള കമ്മിറ്റി നിശ്ചയിച്ചാണ് ഗവൺമെന്റ് ഉത്തരവായിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള അപ്പീൽ സമിതിയാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്; ആ സമിതിക്കാണ് അപ്പീൽ കൊടുക്കേണ്ടത്.

<u>ശ്രീമതി ഇ. എസ് ബിജിമോൾ</u>: സർ, അങ്ങ് അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച് പുനരാലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആധാർ സീഡിംഗുമായി ബന്ധപ്പെട്ട് ഇതിൽ പറഞ്ഞിട്ടുണ്ട്. ആധാർ ലിങ്ക് ചെയ്യുന്ന ഏതാണ്ട് 80 ശതമാനം നടപടി ഗവൺമെന്റ് ഇതിനകം പൂർത്തീകരിച്ചുവെന്നും സൂചിപ്പിക്കുകയുണ്ടായി. ഫ്ലോട്ടിംഗ് പോപ്പുലേഷനാണ്

നമ്മുടെയൊക്കെ നിയോജകമണ്ഡലങ്ങൾ നേരിടുന്ന ഏറ്റവും ഗൗരവമായ പ്രശ്നം. തമിഴ്നാട്ടിലും കേരളത്തിലും റേഷൻ കാർഡും വോട്ടും ഉള്ളവരുണ്ട്. ഇതുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായ നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ആധാർ ലിങ്ക് ചെയ്യാൻ തീരുമാനിക്കുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിനകത്ത് മാത്രമല്ലാതെ ഓൾ ഇന്ത്യാ ലെവലിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനും കാർഡിൽ അന്തർസംസ്ഥാന തലങ്ങളിൽ വന്നിട്ടുള്ള ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആധാർ നമ്പർ കളക്ട് ചെയ്ത് ആധാർ സീഡിംഗ് നടത്തിയതിന്റെ ഫലമായി 83 ലക്ഷം കാർഡുകൾ ഉണ്ടായിരുന്നത് 8022353 കാർഡായി ചുരുങ്ങിയിട്ടുണ്ട്. ഡ്യൂപ്ലിക്കേഷൻ വന്നിട്ടുള്ളത് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ആധാർ നമ്പർ കളക്ട് ചെയ്തതും ആധാർ സീഡിംഗ് നടത്തിയതും. കാർഡുകൾ ഇരട്ടിപ്പുണ്ടാകുന്നതും അംഗങ്ങൾ പല കാർഡുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളതും ഫ്ലോട്ടിംഗ് പോപ്പുലേഷനുള്ള സ്ഥലങ്ങളിൽ സാധാരണ സംഭവിക്കുന്ന കാര്യങ്ങളാണ്. ഇത്തരം കാര്യങ്ങൾ ഒരിക്കലും സംഭവിക്കരുതെന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം നിർവ്വഹിച്ചിട്ടുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഭക്ഷ്യസുരക്ഷാ നിയമം കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കാത്ത സാഹചര്യത്തിൽ തിടുക്കത്തിൽ ഇപ്പോൾ നടപ്പിലാക്കേണ്ടിവന്നത് ജനങ്ങളിൽ വലിയ ആശങ്ക ഉണ്ടാക്കുന്നുണ്ട്. കേരളത്തിലെ 84 ലക്ഷം കാർഡുടമകൾ ഉള്ളതിൽ എ.എ.വൈ./ബി.പി.എൽ./എ.പി.എൽ.എസ്.എസ്. എന്നീ വിഭാഗങ്ങളിലെ 62 ലക്ഷത്തോളം ആളുകൾ വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ കിട്ടുന്നവരാണ്. 22 ലക്ഷം കാർഡുടമകളാണ് ഇത്തരം ആനുകൂല്യങ്ങൾ കിട്ടാത്തവർ. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം വരുമ്പോൾ 1.87 കോടി ജനങ്ങൾക്ക് ആനുകൂല്യം കിട്ടാത്ത അവസ്ഥയുണ്ടകുമെന്ന് പറയുമ്പോൾ വലിയ ആശങ്കകളാണ് ജനങ്ങൾക്കിടയിലുള്ളത്. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അപ്പീൽ അതോറിറ്റിയെ സംബന്ധിച്ചുള്ള വിഷയം അങ്ങ് കുറച്ചുകൂടി ഗൗരവമായി ആലോചിക്കുന്നതും അപ്പീൽ അതോറിറ്റി കുറച്ചുകൂടി താഴെത്തട്ടിൽ പരിഗണിക്കുന്നതും നന്നായിരിക്കും. റാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സോഫ്റ്റ്വെയർ സംവിധാനമാണിപ്പോൾ ഉപയോഗിക്കുന്നത്. അതിൽ ചില അപാകതകൾ വന്നിട്ടുള്ളതായി

മനസ്സിലാക്കുന്നു. റാങ്കിൽ 55 മാർക്കുള്ളവർ താഴെയും 35-40 മാർക്കുള്ളവർ മുകളിലും വരുന്ന തരത്തിലുള്ള അപാകതകളുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നത് 1 മുതൽ 15 തീയതിവരെ ഹിയറിംഗ് നടത്താൻ ആലോചിച്ചിട്ടുണ്ട്. ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള ഹിയറിംഗ് സംവിധാനം മൂന്ന് മാസം കൂടുമ്പോൾ സ്ഥിരം സംവിധാനമാക്കി മാറ്റാനും അർഹതയുള്ള ഒരാൾപോലും ഒഴിവാകില്ലെന്ന് ഉറപ്പാക്കാൻ, സോഫ്റ്റ്വെയറിനുപുറമെ മാനുവൽ വെരിഫിക്കേഷൻ കൃത്യമായി നടത്തുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ? 9 വർഷങ്ങളിലായി ആനുകൂല്യങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നവർക്ക് അത് നഷ്ടപ്പെടുമ്പോഴുള്ള പരാതികൾ വളരെ വലുതാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, മാനുവൽ വെരിഫിക്കേഷൻ കൃത്യമായും ഫലപ്രദമായും നടപ്പിലാക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് വെരിഫിക്കേഷൻ കമ്മിറ്റിയും അപ്പീൽ കമ്മിറ്റിയും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുന്നത്. ജനങ്ങളാകെ ഇതിൽ ഇടപെടണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങൾക്ക് അറിയിപ്പ് കൊടുത്തിട്ടുള്ളത്. അത് കുറച്ചുകൂടി വ്യാപകമാക്കാനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

കേരത്തിലെ മുഴുവൻ ദിനപ്പത്രങ്ങളിലും എഫ്.എം. റേഡിയോകളിലും എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ഇതുമായി ബന്ധപ്പെട്ട പരസ്യം കൊടുത്തിട്ടുണ്ട്. ജനപ്രതിനിധികൾ കൂടി മുൻകയ്യെടുത്താൽ ഗ്രാസ്റൂട്ട് ലെവലിലേയ്ക്ക് എത്തിക്കാൻ കഴിയും. ഉത്തരവാദിത്വം ഏറ്റെടുത്ത് കൃത്യതയോടുകൂടി കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ വളരെ കറക്ടായിട്ടുള്ള മുൻഗണനാ പട്ടിക തയ്യാറാക്കാൻ കഴിയും. കഴിഞ്ഞ തവണത്തെ ലിസ്റ്റിലെ എ.പി.എൽ.എസ്.എസ്. വിഭാഗത്തിൽപ്പെട്ട ആളുകൾ ഇത്തവണ മുൻഗണനാപ്പട്ടികയിൽ സ്ഥാനം പിടിക്കും. 95 ലക്ഷം പേർ ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾ ആയിരുന്നതെങ്കിൽ ഇനി 1 കോടി 54 ലക്ഷം ആളുകൾ മുൻഗണനാപ്പട്ടികയിൽ ഇടംപിടിക്കുകയാണ്. ബാക്കിവരുന്ന 1 കോടി 80 ലക്ഷത്തോളം ആളുകൾക്ക് നമ്മുടെ കൈവശമുള്ള 4 ലക്ഷം മെട്രിക് ടൺ അരി എങ്ങനെ വിതരണം ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. അങ്ങനെ കുറച്ചുകാര്യങ്ങൾ പരിഹരിക്കപ്പെടാൻ കഴിയും.

<u>ശ്രീ. ജി.എസ്. ജയലാൽ</u>: സർ, സോഫ്റ്റ്‌വെയറിന്റെ കാര്യംകൂടി....

<u>ശ്രീ. പി. തിലോത്തമൻ</u>: അത് പരിശോധിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, യു.പി.എ. ഗവൺമെന്റ് തീരുമാനിച്ച് യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ സെൻസസിന്റെ അടിസ്ഥാനത്തിലാണ്, ആശങ്കയുളവാക്കുന്ന ഇത്തരം നിലപാട് കേരളീയ സമൂഹത്തിൽ വന്നുപെട്ടിട്ടുള്ളത്. ഇത് പരിഹരിക്കാൻ പറഞ്ഞ നിർദ്ദേശങ്ങളിൽ, പാവപ്പെട്ട റേഷൻ കാർഡുടമകൾ താഴെ വില്ലേജ് ആഫീസ് മുതൽ കളക്ടറേറ്റുവരെ പോകേണ്ട സാഹചര്യമാണുള്ളത്. സ്പെഷ്യൽ ഗ്രാമസഭകൾ വിളിച്ച് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കി അപ്പീൽ പോകാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും അഭികാമ്യമെന്നാണ് എനിക്ക് തോന്നുന്നത്. അത്തരം ഒരു നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, വെരിഫിക്കേഷൻ കമ്മിറ്റി ഫൈനലൈസ് ചെയ്തതോ, അല്ലെങ്കിൽ അപ്പീൽ കമ്മിറ്റി മുമ്പാകെ തീർപ്പാക്കിയതോ ആയിട്ടുള്ള പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തുകൾതോറുമുള്ള ഗ്രാമസഭകളിൽ വച്ച് അംഗീകാരം തേടിക്കൊണ്ടുവേണം ഫൈനലൈസ് ചെയ്യാൻ. എല്ലാക്കാര്യങ്ങൾക്കുമുള്ള സന്ദർഭങ്ങൾ ഫലപ്രദമായി വിനിയോഗിച്ചാൽ കുറ്റമറ്റ മുൻഗണാനാപ്പട്ടിക തയ്യാറാക്കാൻ സാധിക്കും.

<u>ശ്രീ. കെ. രാജൻ</u>: സർ, ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി ഇന്ത്യയിലാകെ 549.26 ലക്ഷം മെട്രിക് ടൺ അരി വിതരണം ചെയ്യാൻ തീരുമാനിക്കുമ്പോഴാണ് കേരളത്തിന് 14.25 ലക്ഷം മെട്രിക് ടൺ അരി വിഹിതമായി ലഭിക്കുന്നത്. കേരളത്തിന്റെ പ്രത്യേകതകളോ സ്റ്റാറ്റ്യൂട്ടറി റേഷൻ എന്ന അവകാശം കേരളത്തിന് എങ്ങനെ ലഭ്യമായി എന്നതുസംബന്ധിച്ചോ യാതൊരു ധാരണയുമില്ലാതെ ഒരു പൊതുപൂളിലേയ്ക്ക് കേരളം പോവുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, മൂന്ന് വർഷമായി നടപ്പിലാക്കാതെ, അരിവിഹിതം നിൽക്കുമെന്ന് കണ്ടപ്പോൾ വളരെ ധൃതിപിടിച്ച് നടപ്പിലാക്കുന്നതിന്റെ ധാരാളം പ്രശ്നങ്ങൾ നമ്മളെ ബാധിക്കാൻ പോകുന്നുണ്ട്. അതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിന്റെ തലയിൽവയ്ക്കാനുള്ള ശ്രമത്തിലാണ്. 20-ാം തീയതി ലിസ്റ്റ് പ്രസിദ്ധീകരിച്ച് 30-ാം തീയതിക്കകം എല്ലാ ആക്ഷേപങ്ങളും പരാതികളും കൊടുക്കാൻ കഴിയുമോയെന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ ഇല്ലാത്തതോ അല്ലെങ്കിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറിനിൽക്കുന്നതോ ആയ സാഹചര്യമുണ്ടെങ്കിൽ ഒരാൾക്ക് വേണ്ടത്ര രേഖകൾ പ്രൊഡ്യൂസ് ചെയ്ത് പരാതി കൊടുക്കാൻ കഴിയാതെവരും. ശ്രീമതി ഇ. എസ്. ബിജിമോൾ

സൂചിപ്പിച്ചതുപോലെ, എത്രപേർ ഉൾപ്പെട്ടാലും ഒരാൾപോലും ഒഴിവായിപ്പോകരുതെന്ന ധാരണയോടെ ഇതിനെ സമീപിക്കണമെങ്കിൽ കുറച്ചുകൂടി ഡീറ്റെയിലായി ഗവൺമെന്റിന് ഇക്കാര്യം കാണേണ്ടിവരും. വെരിഫിക്കേഷനോ ഹിയറിംഗോ നടക്കുന്ന സമയത്ത് രേഖകൾ ഹാജരാക്കിയാൽ മതിയെന്ന് തീരുമാനിക്കേണ്ടിവരും. 20-ാം തീയതി കരട് പ്രസിദ്ധീകരിച്ച് ഇതിന്റെ പ്രോസസിലേയ്ക്ക് പോകാൻ ആവശ്യമായ സമയം നൽകിയതായി കാണാൻ കഴിയാത്തതിൽ ഗവൺമെന്റിന്റെ പ്രശ്നങ്ങൾ മനസ്സിലാകും. ആ വിഷയങ്ങൾ പരിഹരിച്ച്, സോഷ്യൽ ഓഡിറ്റ് എത്തുമ്പോഴേയ്ക്കും മുൻഗണനാലിസ്റ്റിൽ ഉൾപ്പെടേണ്ട മുഴുവൻ ആളുകളേയും ഉൾപ്പെടുത്തുന്നതിന് പ്രശ്നങ്ങൾ ഏതുതരത്തിൽ പരിഹരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; പരാതി കൊടുക്കുന്ന സമയംതന്നെ രേഖകൾ ഹാജരാക്കുന്നതിനുപകരം ഹിയറിംഗ് നടക്കുന്ന സമയത്ത് രേഖകൾ ഹാജരാക്കാനുള്ള അവസരം കൊടുക്കാൻ കഴിയുമോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, എല്ലാ പ്രയാസങ്ങളും കണ്ടുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിനോട് ആറുമാസത്തെ കാലാവധി ചോദിച്ചത്. മാർച്ച് 31 അല്ല ഞങ്ങളുദ്ദേശിച്ചത്, ഏപ്രിൽ മാസത്തോടുകൂടി ഈ പ്രോസസ് എല്ലാം നന്നായി

നിർവ്വഹിച്ച് എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന ഒരു സ്റ്റേറ്റായി നമുക്ക് മാറാൻ കഴിയും. അങ്ങനെയാണ് ആറുമാസ കാലാവധി കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. പക്ഷെ കേന്ദ്രം ഒരു കാരണവശാലും അതംഗീകരിച്ചില്ല. നിങ്ങൾ നിങ്ങളുടെ എക്സർസൈസ് നടത്തിക്കോ, പക്ഷേ നവംബർ ഒന്നിന് ഇതുപ്രകാരമുള്ള അരികൊടുക്കണമെന്ന് പറഞ്ഞ് വരച്ച വരയിൽ നിർത്തുന്ന ഒരു നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. നമുക്ക് അങ്ങോട്ടുമിങ്ങോട്ടും പോകാൻ കഴിയില്ല, നമ്മൾ ഈ വൃത്തത്തിനകത്ത് നിൽക്കുകയാണ്. 2013-ൽ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമം നടപ്പിലാക്കാൻ കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് എന്താണ് കഴിയാതിരുന്നത് എന്ന മറുചോദ്യമാണ് കേന്ദ്രം നമ്മളോട് ചോദിക്കുന്നത്. അവർ അങ്ങനെയാണ് കുറ്റപ്പെടുത്തുന്നത്. മൂന്നുവർഷം നമുക്ക് സുലഭമായി ലഭിച്ചിട്ടും ഈ നിയമം നടപ്പിലാക്കാനായില്ല എന്ന് കുറ്റപ്പെടുത്തികൊണ്ട് ഇനി ഒരു കാരണവശാലും മുന്നോട്ടുപോകാനാവില്ല, നവംബർ 1-ന് തയ്യാറാക്കി പ്രസിദ്ധീകരിച്ച കരട് പട്ടിക പ്രകാരം അരി കൊടുത്തിരിക്കണമെന്ന കർശനമായ നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. ആ പ്രയാസത്തിന്റെ നടുവിൽനിന്നുകൊണ്ട് എത്രയും വേഗം ഈ കരട് പട്ടികവച്ച് ഭക്ഷ്യധാന്യം കൊടുക്കുന്നതിൽ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. എന്നാൽ മുൻഗണന പട്ടിക കറക്ട് ചെയ്യാനുള്ള സമയം ഞങ്ങൾ റീ-ഷെഡ്യൂൾ ചെയ്ത്

കുറച്ചുകൊണ്ടുവന്നാണ് ഇപ്പോൾ തീരുമാനമെടുത്ത് ജനങ്ങളെ അറിയിച്ചിരിക്കുന്നത്. ആ പ്രയാസം നമുക്കുണ്ട്. അതിപ്പോൾ നമ്മളെല്ലാവരും അനുഭവിക്കയല്ലാതെ വേറെ മാർഗ്ഗമില്ല. നമുക്ക് ലഭിച്ച സന്ദർഭം നമ്മൾ പാഴാക്കികളഞ്ഞു. ആ പ്രയാസമുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ഈ നിയമം ആദ്യം കേന്ദ്ര ഗവൺമെന്റ് മുമ്പോട്ടുവച്ചപ്പോൾ 10.25 ആയിരുന്നു നമുക്ക് ആ നിയമത്തിൽ അനുശാസിച്ചിരുന്ന ഭക്ഷ്യധാന്യ വിഹിതം. നിരന്തരമായ സമ്മർദ്ദം യു.ഡി.എഫ്. ഗവൺമെന്റ് മുമ്പോട്ടുവച്ച് അത് 14.25 ആയി വർദ്ധിപ്പിച്ചെടുക്കുകയാണ് ചെയ്തത്. അപ്പോഴും നമ്മുടെ ക്ലെയിം 16.5 ആണ്. മൂന്നുവർഷത്തെ ഓഫ്ടേക്കിന്റെ ആവറേജ് നമുക്ക് ലഭ്യമാകണമെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് ആ ക്ലെയിം ഇപ്പോഴും നമ്മൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽനിന്ന് നമ്മൾ പിന്നോട്ടുപോയിട്ടില്ല. പരിശോധിച്ചുകഴിഞ്ഞാൽ അറിയാം, കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ടുവച്ച എല്ലാ കത്തിടപാടുകളിലും 14.25-ന് പകരം 16.5 ഭക്ഷ്യധാന്യം വേണം എന്ന ശക്തമായ നിലപാട് കഴിഞ്ഞ ഗവൺമെന്റ് എടുത്തിരുന്നു. അതിന്റെ ആശങ്ക വളരെ ശക്തമായ നിലയിൽ ഞങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ വെൽഫെയർ സ്ഥാപനങ്ങൾക്ക് ഇതിന്റകത്ത് ഭക്ഷ്യധാന്യ വിഹിതമില്ല. അതും വേണമെന്നുള്ളത് വളരെ ശക്തമായി ഞങ്ങൾ മുമ്പോട്ടുവച്ചു.

നമ്മുടെ ഭക്ഷ്യധാന്യ ലഭ്യത കുറയുന്നു, ഒപ്പംതന്നെ ധർമ്മ സ്ഥാപനങ്ങൾക്കും എസ്റ്റാബ്ലിഷ്മെന്റ്സിനുമുള്ള വിഹിതം ലഭ്യമാകണം. ഈ ആശങ്കകൾ വളരെ ശക്തമായി ഞങ്ങൾ മുമ്പോട്ടുവച്ചിട്ടുള്ളതാണ്. മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ നടപടികളിലേയ്ക്ക് മാത്രമല്ല ഞങ്ങൾ കടന്നിരുന്നത്,

മി. സ്പീക്കർ: പ്രസ്താവന വേണ്ട, ദയവായി ചോദ്യം ചോദിക്കു..

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടിയായി അദ്ദേഹം നൽകിയിട്ടുണ്ട്, അവിടെ സെൻട്രൽ ആക്ടിനുള്ള റൂൾസ് ഞങ്ങൾ ഫ്രെയിം ചെയ്തിരുന്നു, ഒപ്പം തന്നെ പരാതി പരിഹാര തസ്തികകൾ രൂപീകരിച്ചിരുന്നു. എന്റെ ചോദ്യത്തിലേയ്ക്ക് വരികയാണ്. പതിനേഴോളം പരാതി പരിഹാര തസ്തികകൾ രൂപീകരിച്ചിരുന്നു. നമ്മൾ നിയമം നടപ്പിലാക്കുന്നതിന്റെ അനുബന്ധമായിത്തന്നെ പോസ്റ്റിംഗ്സ് നടത്തുമ്പോൾ ഗ്രീവൻസ് റിഡ്രെസൽ മെക്കാനിസത്തിലേയ്ക്ക് കൂടുതൽ തസ്തികകൾ രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, 2013-ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കുമ്പോൾ ഉടനടി ഈ നിയമം നടപ്പിലാക്കി അതിന്റെ ആഫ്റ്റർഇഫക്ടെല്ലാം മനസ്സിലാക്കികൊണ്ട് ക്ലെയിം ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും ആ ക്ലെയിമിന്

ബലമുണ്ടാകുമായിരുന്നു. അതുണ്ടായില്ല. ബഹുമാനപ്പെട്ട മുൻ ഭക്ഷ്യ വകുപ്പുമന്ത്രി ഇക്കാര്യം ഇവിടെ പറയുമ്പോൾ, അദ്ദേഹം അദ്ദേഹത്തോടുതന്നെ ചോദിക്കേണ്ട ഒരു പ്രധാനപ്പെട്ട ചോദ്യം എന്തുകൊണ്ട് നമ്മൾ ആ നിയമം നടപ്പാക്കിയില്ല എന്നതാണ്. കേരളം പോലെ പൊതുവിതരണരംഗത്ത് ഇത്രയും ശക്തമായ ഒരു സംസ്ഥാനം മൂന്നുവർഷത്തിലേറെ സമയം കിട്ടിയിട്ടും, രാജ്യം മുഴുവൻ ഈ നിയമം നടപ്പാക്കിയിട്ടും എന്തുകൊണ്ട് നടപ്പാക്കിയില്ല എന്ന ചോദ്യത്തിനുമുമ്പിൽ നമ്മൾ ചൂളിപ്പോവുകയാണ്. അതാണ് നമ്മുടെ ഏറ്റവും വലിയ ദൗർബ്ബല്യം. 16.5 - ഓ അതിനേക്കാളേറെയോ ലഭിക്കണമെന്നുള്ള ആവശ്യകത ശക്തിയായി നമുക്കുന്നയിക്കാം. നമ്മൾ ഉന്നയിക്കുന്നുണ്ട്. പക്ഷെ നമ്മൾ സമയബന്ധിതമായി ഈ ആക്ട് നടപ്പാക്കിയില്ല എന്നുള്ളതുതന്നെയാണ് നമ്മുടെ ദൗർബ്ബല്യം. ആ കുറ്റം നമുക്കുള്ളതുതന്നെയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, ദേശീയ ഭക്ഷ്യ ഭദ്രതാനിയമം ആദ്യമായി നടപ്പിലാക്കുന്ന പ്രദേശങ്ങളിലൊന്നാണ് കൊടുങ്ങല്ലൂർ താലൂക്ക്. അതുകൊണ്ടുതന്നെ ഇതിന്റെ ആദ്യ ദ്രോഹങ്ങൾ അനുഭവിക്കേണ്ടിവരുന്ന പ്രദേശങ്ങളിലൊന്നായി മാറുകയാണ്. എനിക്ക് അറിയേണ്ട കാര്യം, താലൂക്കിലാണ് ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട പരാതി സ്വീകരിക്കുന്നത്. പഞ്ചായത്ത്,

അതുപോലെ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പരാതി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ താഴെത്തട്ടിൽ അതിനുള്ള നടപടി ഇപ്പോൾ സ്വീകരിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ എല്ലാ ആളുകളും താലൂക്ക് ഓഫീസിൽ പോയി പരാതി കൊടുക്കേണ്ട ഒരു സാഹചര്യമാണ് നിലവിലുള്ളത്. രണ്ടാമതായി, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒരു സ്പെഷ്യൽ ഗ്രാമസഭ ഇതിനായി വിളിച്ചാൽ ഈ പരാതികൾ പരമാവധി പരിഹരിക്കപ്പെടാനുള്ള ഒരു അന്തരീക്ഷം ഉണ്ടാകുമെന്ന് എനിക്കുതോന്നുന്നു. അതിനെന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, പരാതികളും ആക്ഷേപങ്ങളും കൊടുക്കേണ്ടത് താലൂക്ക് സപ്ലൈ ഓഫീസിൽ മാത്രമല്ല, അതിനുള്ള സംവിധാനങ്ങൾ പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിൽനിന്ന് വില്ലേജ് ഓഫീസർമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും ഇതിനകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിലെ തൊട്ടടുത്ത അധികാര സ്ഥാപനങ്ങളായ ഈ രണ്ട് സ്ഥാപനങ്ങളിൽകൂടി പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ കൊടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പരാതി സ്വീകരിക്കുന്നതിന്

ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും പരാതി അവിടെ സ്വീകരിക്കും. അങ്ങനെ ആക്ഷേപങ്ങളും പരാതികളും കളക്ട് ചെയ്തതിനുശേഷമാണ് വെരിഫിക്കേഷൻ കമ്മിറ്റിയുടെ മുമ്പിലേയ്ക്ക് പോകുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഭക്ഷ്യ ഭദ്രതാനിയമം എന്നുപറയുന്നത് യു.പി.എ. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ദാരിദ്ര്യ വിമുക്ത ഭാരതമെന്ന വലിയ സങ്കൽപ്പത്തിലേയ്ക്കുള്ള ഒരു വലിയ കാൽവയ്പ്പാണ്. ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്ന കാര്യത്തിൽ മൂന്നുവർഷത്തെ ഡിലേ എന്നുപറയുന്നത്, മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയെന്ന് പറയുന്നു, മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കുമ്പോൾ അവിടെ നിലവിലുള്ള ബി.പി.എൽ. പ്രയോറിറ്റി ലിസ്റ്റ് അംഗീകരിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. ഇവിടെ 1997-98 കാലഘട്ടത്തിലുള്ള ലിസ്റ്റാണ്. ആ ലിസ്റ്റ് വന്നകാലം മുതൽ അതിനെതിരായ ആക്ഷേപമുണ്ട്. ആ ലിസ്റ്റ് അംഗീകരിക്കാൻ സാധിക്കുമോ; അപ്പോൾ സ്വാഭാവികമായും സമയമെടുക്കും. ആ സമയമെടുക്കുന്ന കാലഘട്ടത്തിലും യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ ഒരു മണി അരിപോലും കുറയ്ക്കാൻ അനുവദിച്ചിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷവും നടപടക്രമങ്ങൾ മുന്നോട്ടുപോകുന്നുണ്ട് എന്ന് ശക്തമായ രീതിയിൽ ബോധ്യപ്പെട്ടത്താൻ

ഗവൺമെന്റിന് കഴിഞ്ഞില്ല. അതുകൊണ്ടാണ് അത് കുറയ്ക്കേണ്ട സാഹചര്യമുണ്ടായത്.

<u>മി. സ്പീക്കർ:</u> ദയവായി മറുവാദങ്ങൾ ഉന്നയിക്കരുത്. മന്ത്രി പറഞ്ഞതിന്റെ മറുവാദങ്ങൾ ഉന്നയിക്കലല്ല... മന്ത്രിയുടെ വിശദീകരണത്തിന് മറുവാചകങ്ങൾ പഴയ മന്ത്രിമാർ ഉന്നയിക്കുന്നത് ശരിയല്ല. ചോദ്യം ചോദിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഞാൻ ചോദിക്കട്ടെ.. (ബഹളം).. ഇത് കേന്ദ്ര ഗവൺമെന്റിന്റെ.... (ബഹളം)...

<u>മി. സ്പീക്കർ:</u> ചോദ്യം ചോദിക്കുന്നതിൽ വിരോധമില്ല. എന്തു ചോദ്യം വേണമെങ്കിലും ചോദിക്കാം..... (ബഹളം)

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഭക്ഷ്യ ഭദ്രതാനിയമത്തിന്റെ ഭാഗമായാണ് അരി വെട്ടിക്കുറച്ചതെന്ന് നിങ്ങൾ പറയുന്നു. മണ്ണെണ്ണ വെട്ടിക്കുറച്ചത് എന്തിന്റെ പേരിലാണ്?

<u>മി. സ്പീക്കർ:</u> പിന്നെയും ആ നിലപാട് സ്വീകരിക്കുകയാണ്. .... (ബഹളം)..

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, മണ്ണെണ്ണ വെട്ടിക്കുറച്ചത് എന്തിന്റെ പേരിലാണ്? ... (ബഹളം)

<u>മി. സ്പീക്കർ:</u> ഇത് എപ്പോൾ വേണമെങ്കിലും വിശദീകരിക്കാൻ അദ്ദേഹത്തിന് അവസരമുണ്ട്. ഇത് ശരിയല്ല... (ബഹളം) സഭയിൽ പ്രസംഗിക്കാനുള്ള അവസരം ധാരാളമുണ്ട്. ചോദ്യോത്തരവേളയിൽ മന്ത്രി പറയുന്നതിന് മറുവാദമുന്നയിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്? അത് ശരിയല്ല, അതംഗീകരിക്കാൻ പറ്റില്ല. ചോദ്യം എന്തുവേണമെങ്കിലും ചോദിക്കാം. ... (ബഹളം).... പ്ലീസ്.. അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, എന്റെ ചോദ്യം, അരി വിഹിതം വെട്ടിക്കുറച്ചത് ഭക്ഷ്യ ഭദ്രതാ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ വീഴ്ചയാണെങ്കിൽ എന്തിന്റെ പേരിലാണ് മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നത്? ഇത് കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റിനോടുള്ള തെറ്റായ സമീപനമാണ്. അതിനാൽ മുഖ്യമന്ത്രിയും മന്ത്രിയുമൊക്കെ യഥാസമയം ഇടപെട്ട് മണ്ണെണ്ണ വിഹിതവും അരി വിഹിതവും എത്തിക്കുവാനുള്ള നടപടി എടുക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. അല്ലാതെ ഗവൺമെന്റിനെ കുറ്റംപറയലല്ല. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, 2013 ജൂലൈ മാസം ഗവൺമെന്റ് പാസ്സാക്കിയ നിയമമാണ് എൻ.എഫ്.എസ്.എ. ആക്ട്. 2013 ജൂൺ മുതൽ പ്രാവർത്തികമായ

ഈ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ മൂന്നവർഷം പോരെ? എന്നാൽ അതിനുവേണ്ടിയുള്ള ശ്രമം തുടങ്ങിയത് 2015 മുതലാണ്. 2015 മുതലാണ് ഫാറം അടിച്ചുകൊടുത്ത് പൂരിപ്പിച്ചുവാങ്ങാനുള്ള ശ്രമങ്ങൾ നടത്തുന്നത്. എന്നിട്ട് അതിന്റെ വിവരങ്ങൾ ശേഖരിച്ചുവച്ചു എന്നല്ലാതെ അത് പ്രോസസ് ചെയ്തതുപോലുമില്ല. ഇവിടെ ആ നിയമം നടപ്പാക്കാനാവില്ല എന്ന് പരസ്യമായിട്ടല്ലായെങ്കിലും അങ്ങനെയൊരു നിലപാട് എടുത്തിരുന്നുവെന്നല്ലേ അതിൽനിന്നും വ്യക്തമാക്കേണ്ടത്? അത്രയേറെ സമയം ലഭിച്ചിട്ടും അത് നമ്മൾ തന്നെയാണ് നഷ്ടപ്പെടുത്തികളഞ്ഞത്. അതിനുള്ള ശിക്ഷ ഇപ്പോൾ ഈ ഗവൺമെന്റ് അനുഭവിക്കണമെന്നു പറഞ്ഞാൽ അത് ന്യായമായ നടപടിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാലുമാസങ്ങൾക്കുള്ളിൽ ഞങ്ങൾ ചെയ്ത കാര്യങ്ങളെല്ലാം എല്ലാ സമയത്തും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അങ്ങനെ അറിയിച്ചുകൊണ്ടാണ് ഞങ്ങൾക്ക് ആറുമാസത്തെ സാവകാശം വേണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി കേന്ദ്രത്തിന് പലതവണ കത്തെഴുതിയത്. കത്തെഴുതിയതുമാത്രമല്ല നേരിട്ടുപോയി സംസാരിച്ചു. പക്ഷെ അതിലൊരിളവ് ചെയ്യാൻ കേന്ദ്രം തയ്യാറായില്ല. നിങ്ങൾക്ക് ഇത്രയധികം സമയം കിട്ടിയിട്ടും എന്തുകൊണ്ട് നടപ്പിലാക്കിയില്ല എന്നാണ് അവർ ഞങ്ങളോട് ചോദിച്ചത്. അതുകൊണ്ട് ഇങ്ങോട്ട് നോക്കി കുറ്റപ്പെടുത്തരുത്. സ്റ്റാറ്റ്യൂട്ടറി

റേഷനിംഗ് സമ്പ്രദായം നിലനിന്നിരുന്ന ഒരു സംസ്ഥാനമാണ് കേരളം. 1966 മുതൽ നടപ്പിലാക്കിയ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. അന്ന് അനുവദിച്ച അരി ഇന്ന് ലഭിക്കുന്നുണ്ടോ? നമുക്ക് പി.ഡി.എസ്. ആയിരുന്നത് ടി.പി.ഡി.എസ്. ആക്കിയത് കേന്ദ്രത്തിൽ കോൺഗ്രസ് ഭരിച്ച സന്ദർഭത്തിൽതന്നെയാണ്. മണ്ണെണ്ണയിൽ വെട്ടിക്കുറവ് വരുത്തിയതും കേന്ദ്രം കോൺഗ്രസ് ഭരിക്കുന്ന കാലത്താണ്. അത്  മുൻകാല ഫയൽ നോക്കിയാൽ മനസ്സിലാകും. അരിയുടെ കാര്യത്തിലും ഗോതമ്പിന്റെ കാര്യത്തിലും മറ്റെല്ലാ കാര്യങ്ങളിലും ചിറ്റമ്മ നയം സ്വീകരിച്ച അനുഭവമാണ് നമ്മുടെ സംസ്ഥാനത്ത് എന്നും ഉണ്ടായിട്ടുള്ളത്. അതിൽനിന്ന് വ്യത്യസ്തമായൊരു അനുഭവമുണ്ടായിട്ടില്ല. ഇപ്പോൾ ബി.ജെ.പി. അധികാരത്തിൽവന്നു. അവർ അരിയും മണ്ണെണ്ണയും കുറച്ചു, നമുക്ക് തരാൻ അവകാശപ്പെട്ടതെല്ലാം കുറച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. 1966 മുതലുള്ള കേരളത്തിന്റെ അനുഭവം വച്ചുനോക്കിയാൽ ആര് കേന്ദ്രം ഭരിച്ചാലും നമ്മളെ ദ്രോഹിക്കുന്ന നടപടിയാണ് ഉണ്ടായിട്ടുള്ളത് എന്നതാണ് വസ്തുത.

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് വളരെ വിശദമായ ചർച്ച നടന്നുകഴിഞ്ഞിരിക്കുകയാണ്.

വിദേശപ്പണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം

(*454) ശ്രീ. എം. ഉമ്മർ:
ശ്രീ.അബ്ദുൽ ഹമീദ്. പി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വിദേശപ്പണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിദേശപ്പണ വരുമാനത്തിൽ ഗൾഫ് മലയാളികൾ വഹിക്കുന്ന പങ്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഗൾഫ് മലയാളികളുടെ യാത്രാപ്രശ്നങ്ങളും വിമാന നിരക്കുകളിലുണ്ടാകുന്ന അപ്രതീക്ഷിത അമിത വർദ്ധനവും ഉണ്ടാക്കുന്ന ആഘാതം ഒഴിവാക്കി വിദേശ മലയാളികൾക്ക് ആശ്വാസം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC) തയ്യാറാക്കിയ കണക്ക് പ്രകാരം 2016 ജൂൺ മാസം വരെ സംസ്ഥാനത്തെ വിവിധ ബാങ്കുകളിലേയ്ക്ക് അയച്ച വിദേശപ്പണം 1,42,669 കോടി രൂപയാണ്.

(ബി) ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതി നടത്തിയ വിലയിരുത്തൽ പ്രകാരം 2014-ൽ ഇരുപത്തിനാല് ലക്ഷം പ്രവാസി മലയാളികളുണ്ടെന്നും ഇവർ പ്രതിവർഷം ഏകദേശം ഒരു ലക്ഷത്തി മുപ്പതിനായിരം കോടി രൂപ ഇന്ത്യയിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന പ്രകാരം സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.ഡി.പി- ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ) നാല്പതു ശതമാനം പ്രവാസികളുടെ സംഭാവനയാണ്. CDS- ന്റെ 2012-ലെ കേരളാ മൈഗ്രേഷൻ സർവ്വേ ഓരോ ജില്ലയിലും എത്തുന്ന വിദേശപ്പണത്തിന്റെ വിവരമുണ്ട്. ഇത് പ്രകാരം ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ളതും ഏറ്റവും കൂടുതൽ വിദേശപ്പണം എത്തുന്നതും മലപ്പുറം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്.

(സി) ഇക്കാര്യം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്നതാകയാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്

പങ്കില്ലായെന്നും 1937 ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ്, ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടും ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷനോടും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്.

ശ്രീ. എം. ഉമ്മറിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ  വിദേശത്തുനിന്ന് മലയാളികൾ നമ്മുടെ രാജ്യത്തിലേയ്ക്ക് അയയ്ക്കുന്ന പണത്തിന്റെ കണക്ക് പറഞ്ഞു. അതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്, നമ്മുടെ സംസ്ഥാനത്തിന് നിവർന്നു നിൽക്കാൻ ശക്തി നൽകുന്ന ആളുകളാണ് വിദേശ മലയാളികൾ. പക്ഷെ വർഷങ്ങളോളം ഗൾഫ് നാടുകളിൽ കഠിനാദ്ധ്വാനം ചെയ്ത് തിരിച്ച് നാട്ടിലെത്തുന്ന മലയാളികളുടെ സ്ഥിതിയെക്കുറിച്ച് നമ്മൾ ഓർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വർഷങ്ങളോളം ഗൾഫ് നാടുകളിൽ കഠിനാദ്ധ്വാനം ചെയ്ത് തിരിച്ച് നാട്ടിലെത്തിയശേഷം ഒരു പനി പിടിച്ചാൽ  ഗുളിക വാങ്ങാൻപോലും കഷ്ടപ്പെടുന്ന ഗൾഫ് മലയാളികളെക്കുറിച്ച്

നമുക്കറിയാം. അവർക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. ഇത് പലവട്ടം നമ്മൾ ചർച്ച ചെയ്ത കാര്യമാണ്. ഒരുപാട് പദ്ധതികൾ നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. പക്ഷെ ആ പദ്ധതികളെക്കുറിച്ച് ഗൾഫിൽനിന്ന് തിരിച്ചുവരുന്ന നമ്മുടെ സഹോദരന്മാർക്ക് ഒരവബോധമില്ല. അതുകൊണ്ട് ഇത്തരം പദ്ധതികളെക്കുറിച്ച് അവർക്കൊരവബോധം നൽകുന്നതിനുവേണ്ടി ഗൾഫുനാട്ടുകളിൽ നിന്ന് തിരിച്ചുവരുന്നവർ എയർപോർട്ടിലെത്തുമ്പോൾ ഇന്നയിന്ന പദ്ധതികൾ നിങ്ങൾക്കുവേണ്ടി സർക്കാർ നടപ്പിലാക്കുന്നുണ്ട്, ഇന്നരീതിയിൽ നിങ്ങൾക്കിത് പ്രയോജനപ്പെടുത്താം എന്ന് വിവരം നൽകുന്നതിനുവേണ്ടി നമ്മുടെ വിമാനത്താവളങ്ങളിലും പറ്റുമെങ്കിൽ റെയിൽവേ സ്റ്റേഷനുകളിലും ഒരു സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഭൂപരിഷ്കരണം കഴിഞ്ഞാൽ നമ്മുടെ നാടിന്റെ അഭിവൃദ്ധിക്ക് ഇടയാക്കിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് പ്രവാസികളുടെ പങ്ക്. അക്കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത്തരത്തിലുള്ള പ്രവാസികൾ നാട്ടിൽ തിരിച്ചുവരേണ്ടിവരുമ്പോൾ ആവശ്യമായ പുനരധിവാസം ലഭിക്കുന്നില്ല എന്ന വസ്തുത അത്യന്തം ഖേദകരമായിത്തന്നെ പ്രവാസകൾ ഉന്നയിക്കുന്ന പ്രശ്നമാണ്. കുറേ

പദ്ധതികൾ നമുക്കുണ്ടെങ്കിലും അതൊരു പൂർണ്ണ തോതിലായിട്ടില്ല. അതിനാൽ സമഗ്രമായൊരു പുനരധിവാസ പദ്ധതി കൊണ്ടുവരാൻതന്നെയാണ് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അമിതമായ ടിക്കറ്റ് ചാർജ്ജാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി എയർ കേരളയെക്കുറിച്ച് ചിന്തിച്ചുകൂടെയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരമേറ്റയുടൻ പത്രക്കാർ അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അദ്ദേഹം നൽകിയ മറുപടി പലർക്കും ഇഷ്ടപ്പെട്ടില്ലായിരിക്കാം. പക്ഷെ ആ മറുപടി വ്യക്തിപരമായി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അദ്ദഹം പറഞ്ഞത്, നമുക്ക് ആദ്യം നമ്മുടെ കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാം എന്നാണ്. അതുശരിയാണ്. നമ്മുടെ കയ്യിലുള്ളതിനെ നന്നാക്കാതെ പറന്നുപോകുന്നതിനെ പിടിക്കാൻ നോക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിലും ഇത് വലിയൊരു പ്രശ്നമാണ്. ഇത് പരിഹരിക്കാനും ഗൾഫ് മലയാളികളെ ഈ പ്രതിസന്ധിയിൽനിന്ന് കരകയറ്റുവാനും എന്തുചെയ്യാം എന്നതിനെക്കുറിച്ച് ആലോചിച്ചുകൂടെ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ : സർ, ചോദ്യത്തിനുള്ള ഉത്തരം പറയുമ്പോൾതന്നെ ആ കാര്യത്തെക്കുറിച്ച് ഒരു ഭാഗം വ്യക്തമാക്കിയിട്ടുണ്ട്. 1937-ലെ നിയമമൊക്കെ പറഞ്ഞുകൊണ്ട് വിമാനത്തിന്റെ കാര്യങ്ങളൊക്കെ തീരുമാനിക്കുന്നതിന് വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലായെന്നാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട്. കേന്ദ്ര സർക്കാർ കയ്യൊഴിയുന്ന സമീപനമാണത്. ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷനാണ് ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ടത് എന്ന് പറഞ്ഞുകൊണ്ട് കേന്ദ്രസർക്കാർ കയ്യൊഴിയുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഒരു ന്യായവുമില്ലാതെ കൊള്ളയടിക്കുന്ന സമീപനം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരാണ് തയ്യാറാകേണ്ടത്. കേന്ദ്ര സർക്കാരിന്റെ നിലപാട് വന്നാൽ ഈ പ്രശ്നത്തിന് മാറ്റം വരും. അതിനാണ് ആദ്യം ശ്രമിച്ചത്. പ്രവാസികൾക്ക് ലീവിലും ഉത്സവാഘോഷ ഘട്ടങ്ങളിലും നാട്ടിൽ വരേണ്ട സമയത്ത് എങ്ങനെ ചെലവ് കുറഞ്ഞ രീതിയിൽ നാട്ടിലെത്താൻ കഴിയും എന്ന കാര്യം ഇനിയും ആലോചിക്കേണ്ടതുതന്നെയാണ്. അത് ആലോചിക്കുകതന്നെ ചെയ്യും.

മി. സ്പീക്കർ : ഓർഡർ,ഓർഡർ, ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)